ഉത്തരം

(എ, ബി) ഇല്ല.

സിലബസ് പരിഷ്കരണംമൂലം പാർട്ടൈം ടീച്ചർമാരായിത്തീർന്ന ക്രാഫ്റ്റ് അദ്ധ്യാപകർ

1287 [2064] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിലബസ് പരിഷ്കരണംമൂലം പാർട്ടൈം ടീച്ചർമാരായിത്തീർന്ന ക്രാഫ്റ്റ് അദ്ധ്യാപകർക്ക് 1962-65 കാലത്ത് നൽകിയ സൂപ്പർന്യൂമററി ആനുകൂല്യം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(ബി) കൂടെയധികം ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് സൂപ്പർന്യൂമററി ആനുകൂല്യം ശരിവെച്ചുകഴിഞ്ഞിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാക്കിയുള്ളവരുടേതുകൂടി റഗുലറൈസ്ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി, സി) ഇതു സംബന്ധിച്ച് പൊതു ഉത്തരവുകളൊ പുറപ്പെടുവിച്ചിട്ടില്ല. പ്രശ്നം പരിശോധിച്ചുവരുന്നു.

എയിഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് യാത്രാബത്ത

1288 [2065] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ട്രെഷറിയിൽ പോകുന്നതിനും മറ്റുമായി മാസത്തിൽ രണ്ടിൽകവിയാത്തവിധം യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ ആനുകൂല്യം എയിഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകുവാൻ കെ. എ. പി. ടി. യൂണിയൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാത്തതെന്തുകൊണ്ടാണ്?

ഉത്തരം

(എ) ഉണ്ട്

(ബി) പല അദ്ധ്യാപക സംഘടനകളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly